സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004

www.swathanthramandapam.com വാല്യം: 59 ലക്കം: 220 2024 ഡിസംബർ 21 ശനി പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വതന്ത്രമണ്ഡപം പത്രത്തിന്റെ ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

സുരേഷ് ഗോപിയുടെ ആംബുലൻസ് യാത്ര; വരാഹി പി.ആർ ഏജൻസി ജീവനക്കാരന്റെ മൊഴിയെടുക്കാൻ പോലീസ്

തൃശൂർ: തൃശൂർ പൂരം കലക്കൽ വിവാദത്തിൽ സുരേഷ് ഗോപിയുടെ ആംബുലൻസ് യാത്ര അന്വേഷിക്കാൻ പൊലീസ്. വരാഹി പി.ആർ ഏജൻസിയിലെ ജീവനക്കാരന്റെ മൊഴി രേഖപ്പെടുത്തും. വരാഹി ഏജൻസി കോഡിനേറ്റർ അഭിജിത്തിനെ മൊഴിയാണ് തൃശൂർ ഈസ്റ്റ് പൊലീസ് രേഖപ്പെടുത്തുക. അഭിജിത്തിന്റെ നേതൃത്വത്തിലായിരുന്നു സുരേഷ് ഗോപിയുടെ തെരഞ്ഞെടുപ്പ് പ്രചരണവുമായി ബന്ധപ്പെട്ട ജോലികൾ ചെയ്തിരുന്നത്. സുരേഷ് ഗോപിയെ പൂരം ദിവസം രാത്രി തിരുവമ്പാടി ദേവസ്വം ഓഫീസിലേക്ക് എത്തിച്ചത് അഭിജിത്താണെന്ന് ആംബുലൻസ് ഡ്രൈവർ നേരത്തെ മൊഴിനൽകിയിരുന്നു.

എംടിയുടെ ആരോഗ്യനിലയിൽ പുരോഗതി, മരുന്നുകളോട് പ്രതികരിക്കുന്നുവെന്ന് ഡോക്ടർമാർ

കോഴിക്കോട്: ബേബി മെമ്മോറിയൽ ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്ന പ്രശസ്ത സാഹിത്യകാരൻ എംടി വാസുദേവൻ നായരുടെ ആരോഗ്യനിലയിൽ നേരിയ പുരോഗതി. എംടി മരുന്നുകളോട് പ്രതികരിക്കുന്നുവെന്നും കൈകാലുകൾ ചലിപ്പിക്കാൻ സാധിച്ചെന്നും ഡോക്ടർമാർ അറിയിച്ചു. പത്തേമുക്കാലോടെ പുറത്തുവന്ന മെഡിക്കൽ ബുള്ളറ്റിനിലാണ് ഇക്കാര്യങ്ങൾ വ്യക്തമാക്കുന്നത്.

മൂന്ന് കാര്യങ്ങളാണ് ബുള്ളറ്റിനിൽ പ്രധാനമായും പറയുന്നത്. എംടിയുടെ ആരോഗ്യസ്ഥിതി ഗുരുതരമായി തന്നെ തുടരുന്നു, ഇന്നലത്തെ അപേക്ഷിച്ച് ആരോഗ്യനില കൂടുതൽ വഷളായിട്ടില്ല, നിലവിൽ ചികിത്സയോട് നേരിയതോതിലെങ്കിലും അനുകൂലമായി പ്രതികരിക്കുന്നു എന്നീ കാര്യങ്ങളാണ് ഡോക്ടർമാർ അറിയിക്കുന്നത്. വിദഗ്ദ്ധ സംഘത്തിന്റെ നിരീക്ഷത്തിൽ ഐസിയുവിൽ തുടരുകയാണ് അദ്ദേഹം. കഴിഞ്ഞ 15നാണ് ശ്വാസകോശ തടസമടക്കം ആരോഗ്യ പ്രശ്നങ്ങളോടെ എംടിയെ ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. ഇന്നലെ രാവിലെയോടെ ആരോഗ്യനില കൂടുതൽ വഷളാവുകയും ഹൃദയസ്തംഭനമുണ്ടാവുകയും ചെയ്തു. ഹൃദയമിടിപ്പും രക്തസമ്മർദ്ദവും നിയന്ത്രണ വിധേയമാണെന്ന് ആശുപത്രി അധികൃതർ അറിയിച്ചിരുന്നു.

വിവരമറിഞ്ഞ് ആശുപത്രിയിലെത്തിയ മന്ത്രി മുഹമ്മദ് റിയാസ് സർക്കാരും സംവിധാനങ്ങളുമെല്ലാം എംടിയുടെ ജീവൻ രക്ഷിക്കാൻ ഒപ്പമുണ്ടെന്നും സാദ്ധ്യമായ സംവിധാനങ്ങളെല്ലാം ഉപയോഗിക്കുന്നുണ്ടെന്നും പറഞ്ഞു. മന്ത്രി എ.കെ.ശശീന്ദ്രൻ, സി.പി.എം പൊളിറ്റ് ബ്യൂറോ അംഗം എം.എ.ബേബി, ഗോവ ഗവർണർ പി.എസ്. ശ്രീധരൻപിള്ള തുടങ്ങിയവർ ആശുപത്രിയിലെത്തി ഡോക്ടർമാരുമായും ബന്ധുക്കളുമായും സംസാരിച്ചു. കുടുംബാംഗങ്ങളെല്ലാം ആശുപത്രിയിലുണ്ട്. എംടിയുടെ ആരോഗ്യസ്ഥിതിയെക്കുറിച്ച് മകൾ അശ്വതിയുമായി ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി ഫോണിൽ സംസാരിച്ചിരുന്നു.

എം.വി ഗോവിന്ദന്റെ വാഹനം അപകടത്തിൽ പെട്ടു

തിരുവല്ലം: സി.പി.എം സംസ്ഥാന സെക്രട്ടറി എം.വി ഗോവിന്ദന്റെ വാഹനം അപകടത്തിൽ പെട്ടു. തിരുവനന്തപുരം– തിരുവല്ലം പാലത്തിലായിരുന്നു അപകടം. അപകടത്തിൽ ആർക്കും പരിക്കില്ല.

കോവളത്ത് നടക്കുന്ന സി.പി.എം തിരുവനന്തപുരം ജില്ല സമ്മേളനത്തിൽ പങ്കെടുക്കാൻ പോകവെയായിരുന്നു എം.വി ഗോവിന്ദൻ. എതിരെ വന്ന വാഹനം നിയന്ത്രണംവിട്ട് എം.വി ഗോവിന്ദന്റെ വാഹനത്തിൽ ഇടിക്കുകയായിരുന്നു.

പെട്ടെന്ന് സഡൻ ബ്രേക്കിട്ട കാറിന് പിന്നിൽ ഓട്ടോ ഇടിക്കുകയും കാർ മുന്നോട്ടു നീങ്ങി എം.വി ഗോവിന്ദന്റെ കാറിലേക്ക് ഇടിക്കുകയായിരുന്നു. കാറിന്റെമുൻ ഭാഗത്ത് കേടുപാടുകൾ സംഭവിച്ചു.

സ്വത്തിന് വേണ്ടി സഹോദരനേയും അമ്മാവനേയും വെടിവച്ചുകൊന്ന

ജോർജ് കുര്യന് ഇരട്ട ജീവപര്യന്തം

കോട്ടയം : കാഞ്ഞിരപ്പള്ളി ഇരട്ടക്കൊലപാതകക്കേസിലെ പ്രതി ജോർജ് കുര്യന് ഇരട്ട ജീവപര്യന്തവും 20 ലക്ഷം പിഴയും ശിക്ഷ വിധിച്ച് കോട്ടയം അഡീഷണൽ സെഷൻസ് ജഡ്ജ് നാസർ ഉത്തരവിട്ടു. പിഴത്തുക കൊല്ലപ്പെട്ട സഹോദരന്റെ കുടുംബത്തിന് നൽകണം. വിവിധ വകുപ്പുകളിലായി എട്ടുവർഷവും മൂന്നുമാസവും ശിക്ഷയും കോടതി വിധിച്ചു. സ്വത്ത് തർക്കത്തിൻറെ പേരിൽ പ്രതി സഹോദരനെയും മാതൃസഹോദരനെയും വെടിവച്ച് കൊലപ്പെടുത്തുകയായിരുന്നു.

കുറ്റക്കാരനെന്ന് കണ്ടെത്തിയതിന് പിന്നാലെ തന്റെ പ്രായം പരിഗണിക്കണമെന്നും പ്രായമായ അമ്മയെ നോക്കാൻ അനുവദിക്കണമെന്നും ജോർജ് കുര്യൻ കോടതിയിൽ പറഞ്ഞു. എന്നാൽ പ്രതിയ്ക്ക് പരമാവധി ശിക്ഷ നൽകണമെന്നും, മുൻകൂട്ടി ആസൂത്രണം ചെയ്താണ് കൊലപാതകം നടപ്പിലാക്കിയതെന്നും പ്രോസിക്യൂഷൻ വാദിച്ചു. സഹോദരൻ രഞ്ജു കുര്യൻ (50), മാതൃസഹോദരൻ കൂട്ടിക്കൽ പൊട്ടംകുളം മാത്യു സ്കറിയ (പൂച്ചക്കല്ലിൽ രാജു–78) എന്നിവരെയാണ് ജോർജ് കുര്യൻ കൊലപ്പെടുത്തിയത്. 2022 മാർച്ച് 7നായിരുന്നു സംഭവം. കൊച്ചിയിൽ താമസിച്ച് റിയൽ എസ്റ്റേറ്റ് ബിസിനസ് നടത്തിയിരുന്ന ജോർജ് കുര്യന് നഷ്ടം വന്നതോടെ കുടുംബവകയിൽ നിന്ന് 2.33 ഏക്കർ സ്ഥലം പിതാവിനോട് ചോദിച്ചിരുന്നു. ഇവിടെ വീടുകൾ നിർമ്മിച്ച് വിൽക്കാനായിരുന്നു പദ്ധതി. എന്നാൽ രണ്ടേക്കർ നൽകിയാൽ മതിയെന്നും മുഴുവനും കൊടുത്താൽ കുടുംബ വീടിനോട് ചേർന്ന് ഹൗസിംഗ് കോളനിയാകുമെന്നും ചൂണ്ടിക്കാട്ടി രഞ്ജു തടസം നിന്നു. മാത്യു സ്കറിയയുടെ നേതൃത്വത്തിൽ മദ്ധ്യസ്ഥ ചർച്ചയ്ക്കിടെ തന്റെ വിദേശ നിർമിത റിവോൾവറിന് ജോർജ് കുര്യൻ വെടി വയ്ക്കുകയായിരുന്നു. 2023 ഏപ്രിൽ 24 നാണ് വിചാരണ ആരംഭിച്ചത്. 278 പ്രമാണങ്ങളും റിവോൾവറും ഉൾപ്പെടെ 75 തൊണ്ടിമുതലും ഹാജരാക്കി. കൊലപാതകം, വീട്ടിൽ അതിക്രമിച്ചു കടക്കൽ, തോക്ക് ചൂണ്ടി സാക്ഷിക്കളെ ഭീഷണിപ്പെടുത്തൽ, ആയുധ നിയമം എന്നീ മുഴുവൻ വകുപ്പുകളും തെളിയിക്കാൻ പ്രോസിക്യൂഷനായി. സമയബന്ധിതമായി കുറ്റപത്രം സമർപ്പിച്ചതിനാൽ പ്രതിക്ക് ഇതുവരെ ജാമ്യവും ലഭിച്ചിരുന്നില്ല. പ്രോസിക്യൂഷനായി സ്പെഷ്യൽ പബ്ലിക് പ്രോസിക്യൂട്ടർ അഡ്വ. സി. എസ്.അജയൻ, അഭിഭാഷകരായ നിബു ജോൺ, സ്വാതി എസ്. ശിവൻ എന്നിവർ ഹാജരായി.

മുളന്തുരുത്തിയിൽ യാക്കോബായ–ഓർത്തഡോക്സ് സംഘർഷം; പോലീസിന് നേരെ അക്രമം, സിഐയുടെ മുഖത്തടിച്ചു

മുളന്തുരുത്തി: മുളന്തുരുത്തി മാർത്തോമ്മൻ പള്ളിയിൽ യാക്കോബായ–ഓർത്തഡോക്സ് വിഭാഗങ്ങൾ തമ്മിലുണ്ടായ സംഘർഷത്തിനിടെ പോലീസിന് നേരേ ആക്രമണം. മുളന്തുരുത്തി സിഐ മനേഷ് പൗലോസിന്റെ മുഖത്തടിക്കുകയും മറ്റൊരു പോലീസുദ്യോഗസ്ഥന് പരിക്കേൽക്കുകയും ചെയ്തു. സംഭവത്തിൽ മുളന്തുരുത്തി സ്വദേശി ഏബേൽ സജിക്കെതിരേ പോലീസ് കേസെടുത്തു. പ്രതിയെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയാണ് പോലീസ്. ഇരുവിഭാഗത്തിന്റെയും പെരുന്നാൾ പ്രദക്ഷിണദിനമായിരുന്നു ഇന്നലെ. ഓർത്തഡോക്സ് പക്ഷം ആരാധന നടത്തുന്ന മാർത്തോമ്മൻ പള്ളിയുടെ മുന്നിലൂടെ യാക്കോബായ പക്ഷം തങ്ങളുടെ ചാപ്പലിലേക്ക് പ്രദക്ഷിണമായി പോയപ്പോഴാണ് പ്രശ്നങ്ങളാരംഭിച്ചത്. പ്രദക്ഷിണം കടന്നുപോകുന്ന സമയത്ത് മാർത്തോമൻ പള്ളിയിൽ ഓർത്തഡോക്സ് പക്ഷം ഉച്ചത്തിൽ വാദ്യോപകരണങ്ങളുപയോഗിച്ചു. പ്രദക്ഷിണം നടക്കുമ്പോൾ മറുവിഭാഗം വാദ്യോപകരണങ്ങളുപയോഗിക്കുകയോ ഒച്ചയിടുകയോ ചെയ്യാൻ പാടില്ലെന്നായിരുന്നു ധാരണ. ഓർത്തഡോക്സ് പക്ഷം ഇത് ലംഘിച്ചതായി മുളന്തുരുത്തി എസ്.എച്ച്.ഒ. മനേഷ് പൗലോസിനോട് യാക്കോബായപക്ഷം പരാതിപ്പെട്ടു. പ്രദക്ഷിണം കടന്നുപോകുമ്പോൾ 25 മിനിറ്റ് വാദ്യഘോഷങ്ങളുക്കം നിർത്തിവയ്ക്കണമെന്ന കരാർ ലംഘിക്കരുതെന്ന് പള്ളിയിലെത്തി ഓർത്തഡോക്സ് പക്ഷത്തുള്ളവരോട് എസ്.എച്ച് ഒ. അറിയിച്ചു. ഇതേച്ചൊല്ലിയുണ്ടായ തർക്കത്തിനിടെ മുളന്തുരുത്തി സ്വദേശിയായ ഏബേൽ സജി സിഐ മനേഷ് പൗലോസിന്റെ മുഖത്തടിക്കുകയായിരുന്നു.

ഉപേക്ഷിക്കപ്പെട്ട നിലയിൽ കണ്ടെത്തിയ കാറിൽ 52 കിലോ സ്വർണ ബിസ്ക്കറ്റും 10 കോടി രൂപയും

ഭോപ്പാൽ: വന്ദത്തിനുള്ളിൽ ഉപേക്ഷിക്കപ്പെട്ട നിലയിൽ കണ്ടെത്തിയ ഇന്നോവ കാറിൽ 52 കിലോ സ്വർണ ബിസ്ക്കറ്റും 10 കോടി രൂപയും കണ്ടെത്തി. ആദായനികുതി വകുപ്പും ലോകായുക്താ പൊലീസും സംയുക്തമായി നടത്തിയ റെയ്ഡിലാണ് സ്വർണവും പണവും പിടിച്ചെടുത്തത്. രഹസ്യ വിവരത്തെ തുടർന്ന് നടത്തിയ പരിശോധനയിലാണ് സ്വർണവും പണവും കണ്ടെത്തിയത്. സംഭവത്തിനു പിന്നിൽ രാഷ്ട്രീയക്കാരും സർക്കാർ ഉദ്യോഗസ്ഥരും റിയൽ എസ്റ്റേറ്റ് സ്ഥാപനങ്ങളും ആണെന്നാണ് ആരോപണം.

കിട്ടാനുള്ളത് 14 ലക്ഷവും പലിശയും

കട്ടപ്പന: കൈയ്യിലുണ്ടായിരുന്ന പണം മുഴുവൻ കട്ടപ്പന റൂറൽ ഡവലപ്മെന്റ് കോ–ഓപ്പറേറ്റീവ് സൊസൈറ്റിയിലാണ് നിക്ഷേപിച്ചതെന്നും പണം തിരകെ കിട്ടാൻ ഒരുപാട് ബുദ്ധിമുട്ടിയെന്നും ആത്മഹത്യ ചെയ്ത മുളങ്ങാശേരിൽ സാബുവിന്റെ ഭാര്യ മേരിക്കുട്ടി. 2007 മുതൽ ആ ബാങ്കിലാണ് പണം നിക്ഷേപിക്കുന്നത്. പണം അവിടെ നിക്ഷേപിക്കണോ എന്ന് സാബു പലപ്പോഴും ചോദിക്കുമായിരുന്നു. ബാങ്കിൽ നിന്ന് പണം തിരികെ ചോദിച്ച് സാബു മടുത്തിരുന്നുവെന്നും മേരിക്കുട്ടി പഞ്ഞു. ഇന്നലെയാണ് ചികിത്സാ ആവശ്യത്തിന് നിക്ഷേപത്തുക ചോദിച്ചപ്പോൾ തിരികെ നൽകാത്തതിനെത്തുടർന്ന് കട്ടപ്പനയിലെ വ്യാപാരിയും നിക്ഷേപകനുമായ മുളങ്ങാശേരിൽ സാബു സഹകരണ സൊസൈറ്റിക്ക് മുന്നിൽ തൂങ്ങിമരിച്ചത്.

മേരിക്കുട്ടിയുടെ വാക്കുകൾ: ഉണ്ടായിരുന്ന പൈസ മുഴുവൻ അവിടെയാണ് നിക്ഷേപിച്ചിരുന്നത്. അടുത്തുള്ള സന്ധ്യ എന്ന കുട്ടി കുറച്ച് നിക്ഷേപം നടത്തുമോ എന്ന് ചോദിച്ചു. അങ്ങനെയാണ് പണം നിക്ഷേപിച്ചത്. 2007 മുതൽ ആ ബാങ്കിലാണ് പണം നിക്ഷേപിക്കുന്നത്. നമ്മുടെ പൈസകൊണ്ട് അവർ നന്നായി പണമുണ്ടാക്കിയിട്ടുണ്ട്. അതുപോലെ പൈസ ഇട്ടിട്ടുണ്ട് ഞങ്ങൾ. സ്ഥലക്കേസ് വന്നപ്പോഴാണ് അത്യാവശ്യമായി പണം എടുക്കേണ്ടി വന്നത്. അഡ്വാൻസ് കൊടുക്കാൻ പത്ത് ലക്ഷം രൂപ വേണ്ടിവന്നു. ഇതിനായി ചെന്നപ്പോൾ ഇപ്പോൾ ഉണ്ടാകില്ല, പെട്ടന്ന് പറഞ്ഞാൽ കാശ് ഉണ്ടാകില്ലെന്ന് സെക്രട്ടറിയും മറ്റു പറഞ്ഞു.

സ്ഥലം വാങ്ങാൻ ഒരുപാട് നാളായി ആലോചിക്കുന്നത്. എങ്ങനെയെങ്കിലും പണം തരണമെന്ന് ഒരുപാട് ആഭ്യർഥിച്ചപ്പോൾ കുറച്ച് പൈസ ആദ്യം തന്നു. മൂന്ന് ലക്ഷം രൂപ തരികയും അത് അഡ്വാൻസായി കൊടുക്കുകയും ചെയ്തു. സ്ഥലം വാങ്ങാൻ 34 ലക്ഷം രൂപ വേണ്ടിവന്നു. ബാങ്കിൽ ചെല്ലുമ്പോൾ നടക്കുന്ന കേസല്ല, നിങ്ങൾ പറയുമ്പോൾ കാശുണ്ടികില്ലെന്ന് പറയും. ഞങ്ങൾ നിക്ഷേപിച്ച് പണത്തിന് വേണ്ടിയാണ് കേറിയിറങ്ങിയത്. അന്ന് 55–60 ലക്ഷം രൂപ അവിടെ കിടക്കുകയായിരുന്നു. ആ പൈസയിൽനിന്ന് തരാനല്ലെ പറയുന്നത് എന്ന് ചോദിച്ചു. അതുപോലും തരാൻ അവർക്ക് പറ്റാത്ത അവസ്ഥയായിരുന്നു.

സിപിഎം നടപടിക്ക് പിന്നാലെ പി.കെ.ശശിയുടെ സ്ഥാനങ്ങൾ തെറിച്ചു

തിരു: പാർട്ടി നടപടിക്ക് വിധേയനായ പി.കെ.ശശിയെ രണ്ട് പദവികളിൽനിന്ന് സിപിഎം ഒഴിവാക്കി. സിഐടിയു ജില്ലാ പ്രസിഡന്റ്, ചുമട്ടുതൊഴിലാളി യൂണിയൻ പ്രസിഡന്റ് സ്ഥാനങ്ങളിൽനിന്നാണ് നീക്കിയത്. സിപിഎം പാലക്കാട് ജില്ലാ കമ്മിറ്റി അംഗം പി.എൻ.മോഹനൻ സിഐടിയു ജില്ലാ പ്രസിഡൻറാവും. കെടിഡിസി ചെയർമാൻ പദത്തിൽ സർക്കാർ തീരുമാനമെടുക്കട്ടെയെന്ന് ജില്ലാ സെക്രട്ടേറിയറ്റ് യോഗം. പി.കെ.ശശിയെ നേരത്തെ സിപിഎം ബ്രാഞ്ച് കമ്മിറ്റിയിലേക്കു തരംതാഴ്ത്തിയിരുന്നു. സാമ്പത്തിക ക്രമക്കേടുകൾ, ജില്ലാ നേതൃത്വത്തിനെതിരെ കള്ളക്കേസിനു പ്രേരിപ്പിക്കൽ തുടങ്ങിയ ആരോപണങ്ങളിൽ പാർട്ടി കമ്മിഷന്റെ അന്വേഷണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണു ശശിയെ ബ്രാഞ്ചിലേക്കു തരംതാഴ്ത്തിയത്.

Walkers Club
Palace Ground, Thrissur

walkers club

Sports Meet
15 - 22 December.2024

TEAM SPONSORS:

KALYAN SILKS — The world's largest silk saree showroom

ELITE SUPERMARKET

KMP BUILDERS

V-TUFF

GENERAL CAPTAIN KV VINOD KUMAR
TECHNICAL ADVISOR JOSEPH THOMAS
GENERAL CONVENOR VV RAMASWAMY
JOMON C JOSE CAPTAIN KALYAN SILKS
AMITH RAMAN CAPTAIN V-TUFF
PRAVEETH NM CAPTAIN KMP BUILDERS
MANOJKUMAR PV CAPTAIN ELITE SUPERMARKETS

PATRONS:

TS ANANTHARAMAN
TS PATTABHIRAMAN
RANJI JOHN MANJILA
V KESAVAN
TR VIJAYAKUMAR
CG SURENDRAN
KM PARAMESWARAN
N SURESH BABU

OFFICE BEARERS:

PRESIDENT
PK JALEEL

VICE PRESIDENT
SUSHIL MARATH

SECRETARY
Adv. ACHILUS

JOINT SECRETARY
IBRAHIM P.K.

TREASURER
PAUL MALIAKKAL

വാക്കേഴ്സ് ക്ലബ്ബിന്റെ വാർഷിക സ്പോർട്സ് മത്സരങ്ങൾ കോർപ്പറേഷൻ മേയർ എം കെ വർഗ്ഗീസ് ഉദ്ഘാടനം ചെയ്തപ്പോൾ

ശ്രീകാന്ത് ടി എ (എക്സി. മെമ്പർ) — നിജു വെന്നിക്കൽ (എക്സി. മെമ്പർ) — രാമസ്വാമി വി വി (എക്സി. മെമ്പർ) — ജോസ് പ്രകാശ് (എക്സി. മെമ്പർ) — ടോണി എരിഞ്ഞേരി (എക്സി. മെമ്പർ)

ഷാജി ഇ ജെ (എക്സി. മെമ്പർ — എഡിസൺ സി എ (എക്സി. മെമ്പർ) — സന്തോഷ്കുമാർ (എക്സി. മെമ്പർ — ഷാജി റാഫേൽ (ഫുഡ് കോർഡിനേറ്റർ) — ബാബു എം ജെ (ഫുഡ് കോർഡിനേറ്റർ)

വാക്കേഴ്സ് ക്ലബ്ബിന്റെ സ്പോർട്ട്സ് മീറ്റിന് നാളെ സമാപനം

എം.എം. അബ്ദുൾ റസാക്ക് (മീഡിയ അഡ്വൈസർ)

സാംസ്കാരിക നഗരമായ തൃശ്ശൂരിന്റെ ഹൃദയത്തിലുള്ള ഫുട്ബോൾ മൈതാനമാണ് കോർപ്പറേഷൻ സ്റ്റേഡിയം. കാലാകാലങ്ങളായി വ്യായാമ മുറകൾ അഭ്യസിക്കുന്ന ഒരു കേന്ദ്രം കൂടിയാണ് പാലസ് ഗ്രൗണ്ട് എന്ന് അറിയപ്പെടുന്ന സ്റ്റേഡിയം. നടക്കാൻ ഒരുപാട് ആളുകൾ രാവിലെ നാലുമണി മുതൽ 9 മണി വരെയും വൈകിട്ട് നാലുമണി മുതൽ 8 മണി വരെയും പല ബാച്ചുകളിലായി സമയക്രമം അനുസരിച്ച് പാലസ് ഗ്രൗണ്ടിൽ നടക്കുന്നത് കാണാൻ കഴിയും. അങ്ങനെ നടത്തം ഇഷ്ടപ്പെടുന്നവരും സ്റ്റേഡിയത്തിന്റെ ഇരിപ്പിട സൗന്ദര്യം ഇഷ്ടപ്പെടുന്നവരും അവിടെ നടത്തം കഴിഞ്ഞു അൽപ നേരം വിശ്രമിച്ച ശേഷമാണ് മടങ്ങാറുള്ളത്. വിവിധ ജോലികളിൽ ഏർപ്പെടുന്ന നഗരത്തിലെ വിവിധ ഭാഗങ്ങളിൽ നിന്നും വരുന്നവരുടെ ഒരു സംഗമ ഭൂമിയാണ് പാലസ് മൈതാനം. സൗഹൃദത്തിന്റെ വിശാലമായ കണ്ണികൾ ഇണക്കി ചേർത്ത് ചെറിയ ഗ്രൂപ്പുകളായി സന്തോഷം പങ്കിടുന്നവരെ നമുക്കിവിടെ കാണാൻ കഴിയും.

അങ്ങനെയുള്ളവരെ ഒരു കുടക്കീഴിൽ അണിനിരത്തണമെന്ന് ആഗ്രഹത്തോടെ 2004 തുടക്കം കുറിച്ചതാണ് വാക്കേഴ്സ് ക്ലബ്ബ്. ക്ലബ്ബ് ഇരുപതാം വാർഷികം ആഘോഷിക്കാൻ ഒരുങ്ങുകയാണ്.

ക്ലബ്ബ് ഉടലെടുത്തതിനു ശേഷം ഏഴുവർഷം കഴിഞ്ഞാണ് ക്ലബ്ബിലെ അംഗങ്ങൾക്ക് എല്ലാ വർഷവും സ്പോർട്സ് ഇനങ്ങളിൽ മത്സരം ഏർപ്പെടുത്തണമെന്ന് ആഗ്രഹം ഉയർന്നത്. അതിന്റെ അടിസ്ഥാനത്തിലാണ് ഈ പതിമൂന്നാം വർഷവും വാർഷിക സ്പോർട്സ് നടന്നുവരുന്നത്.

വാക്കേഴ്സ് ക്ലബ്ബിലെ അംഗങ്ങൾക്ക് അവരുടെ ദിനചര്യകളിൽ നിർബന്ധമായി ഉൾപ്പെടുത്തിയ ഒന്നായി നടത്തം മാറിയിരിക്കുന്നു.

സൗഹൃദ അന്തരീക്ഷം നിലനിർത്തിക്കൊണ്ടു തന്നെ ക്ലബ്ബിലെ അംഗങ്ങളെ നാല് വിഭാഗമായി തിരിച്ച് പരസ്പരം മത്സരത്തിലൂടെ ക്രിക്കറ്റും, ഫുട്ബോളും, നീന്തലും, ബാറ്റ് മിന്റലും അത്‌ലറ്റിക് മത്സരങ്ങളും നടത്തി അംഗങ്ങളുടെ കായിക ശേഷി വർദ്ധിപ്പിക്കാനുള്ള നീക്കമാണ് ഇതിലൂടെ ഉദ്ദേശിക്കുന്നത്.

മത്സരവീര്യം ഒട്ടും ചോർന്നു പോകാതെ ടീമംഗങ്ങൾ ഒത്തൊരുമയോടെ ഒരോ ടീമിനെയും വിജയിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ മാസങ്ങൾക്കു മുൻപ് തന്നെ അതാത് ക്യാപ്റ്റന്മാർ നടത്തിവരികയാണ്. തൃശ്ശൂർ നഗരത്തിലെ ഒരു ക്ലബ്ബിലും കാണാൻ കഴിയാത്ത ആദ്യദിന മാർച്ച് ഫാസ്റ്റ് ഉന്നതരായ വ്യക്തിത്വങ്ങൾ ആണ് ഉദ്ഘാടനം ചെയ്യുന്നത്. ഈ വർഷം തൃശ്ശൂർ കോർപ്പറേഷൻ മേയർ എം. കെ. വർഗീസ് പതാക ഉയർത്തി സ്പോർട്സ് മീറ്റിന് തുടക്കം കുറിച്ചത്. 25 വയസ്സു മുതൽ 92 വയസ്സു വരെയുള്ള ദേശീയ തലങ്ങളിലെ കായിക പ്രതിഭകളും മാറ്റുരക്കുന്നുണ്ട്.

സ്കൂളുകളിലും കോളേജുകളിലും പ്രകടിപ്പിച്ച കായിക താരങ്ങൾക്ക് വർഷങ്ങൾക്ക് ശേഷം തങ്ങളുടെ വീര്യം വീണ്ടെടുക്കാനുള്ള ഒരു അവസരം കൂടിയാണിത്.

വിവിധ മേഖലകളിൽ പ്രവർത്തിച്ച് പ്രാഗത്ഭ്യം തെളിയിച്ച വ്യക്തികളാണ് വാക്കേഴ്സ് ക്ലബ്ബിന്റെ സാരഥികളായി ചുമതലയേറ്റത്. അവരോട് നന്ദി പറയാൻ വാക്കുകൾ പോരാതെ വരും. മത്സര വേദികൾ ഒരുക്കിത്തന്ന തൃശൂർ കോർപ്പറേഷൻ, ശ്രീ കേരളവർമ്മ കോളേജ്, മിഷ്യൻ കോട്ടേഴ്സ് അക്വറ്റിക്സ് ക്ലബ്, ഇൻഡോർ സ്റ്റേഡിയം എന്നീ സ്ഥാപനങ്ങളിലെ ഭാരവാഹികൾക്കും, പത്രപ്രതിനിധികൾക്കും, ഇതിന്റെ സുഖമമായ നടത്തിപ്പിന് സഹായിച്ച ക്ലബ്ബിലെ എല്ലാ അംഗങ്ങൾക്കും അവരുടെ ഉടമസ്ഥതയിലുള്ള സ്ഥാപനങ്ങളിലൂടെ സഹായം നൽകിയവർക്കും, മത്സരങ്ങൾ നിയന്ത്രിച്ച ടെക്നിക്കൽ ഉദ്യോഗസ്ഥർക്കും ക്ലബ്ബിന്റെ പേരിൽ ആത്മാർത്തമായ നന്ദി രേഖപ്പെടുത്തുന്നു.

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

സി.പി.എംഇരിങ്ങാലക്കുട ഏരിയ സമ്മേളനത്തോടനുബന്ധിച്ച് ഇന്നലെ ഇരിങ്ങാലക്കുടയിൽ നടന്ന പ്രകടനവും, റെഡ് വളണ്ടിയർ മാർച്ചും.

ചിട്ടി ആർബിട്രേറ്റർ സ്ഥിരം നിയമനം സർക്കാരിന്റെ സജീവ പരിഗണനയിലാണെന്ന് മന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ

തൃശ്ശൂരിലെ ചിട്ടി ആർബിട്രേറ്റർ സ്ഥിരം നിയമനം സർക്കാരിന്റെ സജീവ പരിഗണനയിലാണെന്ന് റജിസ്ട്രേഷൻ വകുപ്പ് മന്ത്രി കടന്നപ്പള്ളി രാമചന്ദ്രൻ. തൃശ്ശൂരിലെ താത്കാലികമായി സ്ഥാപിച്ച ചിട്ടി ആർബിട്രേറ്റർ തസ്തിക 2025 മാർച്ച് 31ന് അവസാനിക്കുകയാണ്.കേരളത്തിൽ ഏറ്റവും കൂടുതൽ കുറികളുള്ള മേഖലയാണ് തൃശ്ശൂർ. ആർബിട്രേറ്റർ തസ്തിക നിർത്തലാക്കിയാൽ കേസ്സുകൾ കുമിഞ്ഞുകൂടും. മുടക്ക് വരുത്തിയവരുടെ കുറി സംഖ്യ പിരിഞ്ഞുകിട്ടുവാൻ വലിയ ബുദ്ധിമുട്ടാകും. കുറികമ്പനികളുടെ നിലനിൽപ്പ് തന്നെ അപകടത്തിലാകും. ഈ പ്രതിസന്ധി മറികടക്കാനാണ് സ്ഥിരം ആർബിട്രേറ്റർ നിയമനം എന്ന ആവശ്യവുമായി ഓൾ കേരള ചിട്ടി ഫോർമെൻസ് അസ്സോസിയേഷൻ നേതാക്കൾ തൃശ്ശൂർ രാമനിലയത്തിൽ വച്ച് മന്ത്രിയുമായി ചർച്ച നടത്തിയത്. ഇതുമായി ബന്ധപ്പെട്ട നിവേദനം ചെയർമാൻ ഡേവിഡ് കണ്ണനായ്ക്കലിന്റെ നേതൃത്വത്തിൽ മന്ത്രിക്ക് നൽകി. വൈസ് പ്രസിഡണ്ട് ബേബി മൂക്കൻ, ഓർഗനൈസിങ്ങ് സെക്രട്ടറി കെ.വി.ശിവകുമാർ, സംസ്ഥാന സെക്രട്ടറി വർഗസ് ജോസ് ടി., സംസ്ഥാന ട്രഷറർ സി.എൽ.ഇഗ്നേഷ്യസ്, സി.പി.ഫ്രാൻസിസ് തുടങ്ങിയവർ നിവേദക സംഘത്തിലുണ്ടായിരുന്നു.

വർണ്ണക്കുട സാംസ്കാരികോൽസവം ഡിസംബർ 21 മുതൽ 29 വരെ ഇരിങ്ങാലക്കുട മുനിസിപ്പൽ മൈതാനിയിൽ

ഇരിങ്ങാലക്കുട : ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ ഡിസംബർ 21 മുതൽ 29 വരെ അയ്യങ്കാവ് മൈതാനം പ്രധാന വേദിയാക്കി സംഘടിപ്പിക്കുന്ന 'വർണ്ണക്കുട' സാംസ്കാരികോൽസവത്തിന് ഒരുക്കങ്ങൾ പൂർത്തിയായി. 21 ന് രാവിലെ 7.30 ന് വാക്കത്തോൺ,22 ന് സെന്റ് ജോസഫ്സ് കോളേജ് സ്റ്റേഡിയത്തിൽ ചിത്രരചനാ മത്സരം, 23 ന് ഗേൾസ് സ്കൂളിൽ സാഹിത്യോൽസവം, 23 ന് വൈകീട്ട് 5 ന് കൊടിയേറ്റം, 26 ന് രാവിലെ 11 ന് ഫോട്ടോ പ്രദർശനം, വൈകീട്ട് 5 ന് താള വാദ്യോൽസവം, ഉദ്ഘാടനം, കഥക് നൃത്തം, ആൽമരം മ്യൂസിക് ബാൻഡിന്റെ അവതരണം, 27 ന് നൃത്തസന്ധ്യ, സാംസ്കാരിക സമ്മേളനം, നാടൻ പാട്ടുകൾ, 28 ന് വൈകീട്ട് 5 ന് നൃത്തസന്ധ്യ, സാംസ്കാരിക സമ്മേളനം, സിത്താര കൃഷ്ണകുമാറിന്റെ നേതൃത്വത്തിൽ മ്യൂസിക് ബാൻഡ്, 29 ന് വൈകീട്ട് 5 ന് നൃത്തസന്ധ്യ, സമാപന സമ്മേളനം, ഗൗരി ലക്ഷ്മിയുടെ നേതൃത്വത്തിൽ ഡാൻസ് മ്യൂസിക് ബാൻഡ് എന്നിവയാണ് പ്രധാന പരിപാടികളെന്ന് മന്ത്രി ഡോ ആർ ബിന്ദു പത്ര സമ്മേളനത്തിൽ അറിയിച്ചു. 26 ന് വൈകീട്ട് 5 ന് തദ്ദേശ വകുപ്പ് മന്ത്രി എം ബി രാജേഷാണ് വർണ്ണക്കുടയുടെ ഉദ്ഘാടനം നിർവഹിക്കുന്നത്. ഉദ്ഘാടന സമ്മേളനത്തിൽ വയലാർ അവാർഡ് ജേതാവ് അശോകൻ ചരുവിലിന് ജന്മനാടിന്റെ സ്നേഹാദരം അർപ്പിക്കും. ചലച്ചിത്ര പ്രതിഭകളും ഇരിങ്ങാലക്കുട സ്വദേശികളുമായ ഇന്നസെന്റിനും മോഹനും സംവിധായകരായ സത്യൻ അന്തിക്കാടും കമലും സ്മരണാഞ്ജലിയർപ്പിക്കും. നഗരസഭ വൈസ്-ചെയർമാൻ ബൈജു കുറ്റിക്കാടൻ ,ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ടുമാരായ ലളിത ബാലൻ, സുധ ദിലീപ്, പഞ്ചായത്ത് പ്രസിഡണ്ടുമാരായ ജോസ് ജെ ചിറ്റിലപ്പിള്ളി, കെ എസ് തമ്പി, കുമാരി ടി വി ലത, ലിജി പ്രദീപ് എന്നിവരും പത്ര സമ്മേളനത്തിൽ പങ്കെടുത്തു.

ഹാബിറ്റാറ്റ്സ് ട്രസ്റ്റ് റ്റിഎച്ച്റ്റി ഗ്രാന്റുകൾ 2024 സ്വീകർത്താക്കളെ പ്രഖ്യാപിച്ചു

കൊച്ചി : ഹാബിറ്റാറ്റ്സ് ട്രസ്റ്റ് (റ്റിഎച്ച്റ്റി), അതിന്റെ റ്റിഎച്ച്റ്റി ഗ്രാന്റുകൾ 2024-ന്റെ സ്വീകർത്താക്കളെ പ്രഖ്യാപിച്ചു. ഈ ഗ്രാന്റുകൾ, ആകെ ഞ. 2 കോടി, ഇന്ത്യയിലുടനീളമുള്ള നൂതനവും അളക്കാവുന്നതുമായ സംരക്ഷണ സംരംഭങ്ങളെ പിന്തുണയ്ക്കുക. ജൈവവൈവിധ്യ നഷ്ടം, കാലാവസ്ഥാ പ്രതിസന്ധി, ആഗോള ജലദൗർലഭ്യം എന്നിവയിൽ നിന്ന് ഉയർന്നുവരുന്ന ചില വികസന വെല്ലുവിളികളെ അഭിസംബോധന ചെയ്യുന്നതിൽ ഹാബിറ്റാറ്റ്സ് ട്രസ്റ്റ് ശ്രദ്ധ കേന്ദ്രീകരിക്കുന്നു. സുസ്ഥിരതയ്ക്കപ്പുറമുള്ളതും നമ്മുടെ ഭാവി സുരക്ഷിതമാക്കാൻ പുനരുജ്ജീവന മാതൃകകൾ വാഗ്ദാനം ചെയ്യുന്നതുമായ പയനിയറിംഗ് ജോലികൾ ഏറ്റെടുക്കാൻ ഇത് പ്രതിജ്ഞാബദ്ധമാണ്

സി.എസ്.എ. ക്രിസ്തുമസ് ആഘോഷം സാന്ത്വന സദനിൽ

ഇരിങ്ങാലക്കുട: 35 വർഷം മുമ്പ് സെന്റ് ജോസഫ് സ് കോളേജിൽ വേദപാഠം പഠിച്ച വിദ്യാർത്ഥി കൂട്ടായമയായ സി.എസ്.എ. കാത്തലിക് സർവീസ് അസോസിയേഷന്റെ ക്രിസ്തുമസ് ആഘോഷം സാന്ത്വന സദനിൽ വെച്ച് കത്തീഡ്രൽ വികാരി റവ. ഡോ. ലാസർ കുറ്റിക്കാടൻ ഉൽഘാടനം ചെയ്തു. സി.എസ്.എ.പ്രസിഡന്റ് ബോണി വർഗീസ് അധ്യക്ഷത വഹിച്ച ,യോഗത്തിൽ ആനിമേറ്റർ സിസ്റ്റർ ട്രീസ പോൾ, സിസ്റ്റർ സോണിയ,ടെൽസൺ കോട്ടോളി, ഷാജു പാറേക്കാടൻ, രഞ്ചി അക്കരക്കാരൻ,എബിൻ മാത്യു, ലിൻസ ജോർജ്, റോസ്മേരി ജോൺസൺ, ഷാജൻ കെ. ആർ, സ്റ്റെല്ല ജോസ്, നോബിൾ തളിയത്ത് എന്നിവർ പ്രസംഗിച്ചു.

സി.എസ്.എ.യുടെ ക്രിസ്തുമസ് സമ്മാനമായി സാന്ത്വന സദനിലേക്ക് ഡൈനിങ്ങ് ടേബിൾ നൽകി സാന്ത്വന സദനിലെ അന്തേവാസികൾക്ക് ഓരോരുത്തർക്കും ക്രിസ്തുമസ് സമ്മാനം നൽകി വിവിധ കലാപരിപാടികളും സ്നേഹവിരുന്നും ഉണ്ടായിരുന്നു

സുഹൃത്തിനൊപ്പം ശാരീരികബന്ധത്തിന് കാമുകിയെ നിർബന്ധിച്ചു, പാർട്ടികളിൽ പങ്കാളികളെ കൈമാറൽ; സംഘം പിടിയിൽ

ബെംഗളൂരു: സുഹൃത്തുമായി ശാരീരിക ബന്ധത്തിൽ ഏർപ്പെടാൻ കാമുകിയെ ഭീഷണിപ്പെടുത്തിയ സംഭവത്തിൽ രണ്ട് യുവാക്കൾ അറസ്റ്റിൽ. യുവതിയുടെ കാമുകനായ ഹരീഷ്, ഇയാളുടെ സുഹൃത്ത് ഹേമന്ത് എന്നിവരെ ബെംഗളൂരു സെൻട്രൽ ക്രൈം ബ്രാഞ്ച് (സി.സി.ബി) ആണ് പിടികൂടിയത്.

ബംഗളൂരുവിൽ സ്വകാര്യ പാർട്ടികളുടെ മറവിൽ പങ്കാളികളെ കൈമാറുന്ന സംഘത്തിലെ അംഗങ്ങളാണിവരെന്നാണ് പോലീസ് പറയുന്നത്. ബലപ്രയോഗത്തിലൂടെയും ഭീഷണിപ്പെടുത്തിയുമാണ് ഇവർ സ്ത്രീകളെ ലൈംഗിക പ്രവർത്തനങ്ങൾക്ക് വിധേയരാക്കുന്നതെന്നാണ് വിവരം.

32-കാരിയായ യുവതി സി.സി.ബിയിൽ പരാതി നൽകിയതോടെയാണ് ഞെട്ടിക്കുന്ന വിവരങ്ങൾ പുറത്തുവന്നത്. പ്രതികളുമായും ഇവരുടെ പരിചയക്കാരുമായും ശാരീരിക ബന്ധത്തിൽ ഏർപ്പെടാൻ താൻ നിർബന്ധിതയായെന്ന് അവർ വെളിപ്പെടുത്തി. മറ്റു സുഹൃത്തുക്കളുമായി ശാരീരിക ബന്ധത്തിൽ ഏർപ്പെടാൻ ഹരീഷ് തന്നെ നിർബന്ധിക്കുകയായിരുന്നു. ഇതിനെ എതിർത്തപ്പോൾ സ്വകാര്യ ദൃശ്യങ്ങൾ പുറത്തുവിടുമെന്ന് ഭീഷണിപ്പെടുത്തിയതായും യുവതി പരാതിയിൽ പറഞ്ഞു. അന്വേഷണത്തിൽ, മറ്റു സ്ത്രീകളുടേത് അടക്കം സ്വകാര്യ ചിത്രങ്ങളും വീഡിയോകളും പ്രതികളിൽ നിന്ന് പോലീസ് കണ്ടെടുത്തു. ഇവ ഉപയോഗിച്ചാണ് ഇരുവരും ഇരകളെ ഭീഷണിപ്പെടുത്തിയിരുന്നത്. പ്രതികൾ ഇരുവരും സ്ഥിരം കുറ്റവാളികളാണെന്നും മുൻപും ഇത്തരം പ്രവൃത്തികളിൽ ഏർപ്പെട്ടിരുന്നുവെന്നുമാണ് പോലീസ് പറയുന്നത്.

ബെംഗളൂരിവിൽ സ്വകാര്യ പാർട്ടികൾ സംഘടിപ്പിക്കാനായി പ്രതികൾ വാട്സാപ്പ് ഗ്രൂപ്പുകൾ ഉപയോഗിച്ചിരുന്നു. സാമൂഹിക പരിപാടികൾ എന്ന പേരിൽ നടത്തുന്ന പാർട്ടികൾക്ക് മറവിൽ സ്ത്രീകളെ കൈമാറ്റം ചെയ്യുന്നതുൾപ്പടെയുള്ള കാര്യങ്ങളാണ് നടന്നിരുന്നത്.

വാർത്താച്ചുരുക്കം

* സംഗീതസംവിധായകൻ തൃശ്ശൂരിലെ ജോൺസൺ മാസ്റ്ററുടെ പതിമൂന്നാം ഓർമ്മ ദിനാചരണം വിവിധ പരിപാടികളുടെ ജോൺസൺ ഫൗണ്ടേഷന് നേതൃത്വത്തിൽ നടന്നു. പ്രമുഖ ഗായകരും ചലച്ചിത്ര പ്രവർത്തകരും പങ്കെടുത്തു . തൃശ്ശൂർ റീജന തിയേറ്ററിൽ ആയിരുന്നു വിപുലമായ പരിപാടി. ജോൺസൺ മാസ്റ്റർ സ്മൃതിയോടെ അനുബന്ധിച്ച് അഖില കേരള അടിസ്ഥാനത്തിൽ ഗാനാലാപന മത്സരം നടത്തി . വിജയികൾക്ക് ക്യാഷ് അവാർഡും സമ്മാനങ്ങളും സർട്ടിഫിക്കറ്റും വിതരണം ചെയ്തു
* ജാതിരഹിത സമൂഹം യാഥാർത്ഥ്യമാക്കണമെന്ന് ആവശ്യപ്പെട്ട് തൃശ്ശൂരിൽ അഖിലേന്ത്യ ദളിത് അവകാശ സമിതി സംസ്ഥാന സമ്മേളനം നടന്നു . ചെമ്പുകാവ് പിഡബ്ല്യുഡി , ഓഡിറ്റോറിയത്തിൽ നടന്ന സിപിഐ സംസ്ഥാന സെക്രട്ടറി ബിനോയ് വിശ്വം ഉദ്ഘാടനം ചെയ്തു സമ്മേളനം
* ഇരിഞ്ഞാലക്കുടയുടെ സാംസ്കാരിക പാരമ്പര്യം ഉയർത്തി നാട്ടു ഉത്സവം അഥവാ വർണക്കുട വിപുലമായ പരിപാടികളോടെ തുടങ്ങി 29ന് സമാപിക്കും. മണ്ഡലം എംഎൽഎ കൂടിയായ മന്ത്രി ഡോക്ടർ ആർ ബിന്ദുവിന്റെ സജീവ നേതൃത്വത്തിലാണ് പരിപാടി
* ജനദ്രോഹകരമായി വൈദ്യുതി വർധിപ്പിച്ച സംസ്ഥാന സർക്കാർ നടപടിയിൽ പ്രതിഷേധിച്ച് സിപിഐ എംഎൽ റെഡ് സ്റ്റാർ തൃശ്ശൂർ ജില്ലാ കമ്മിറ്റി പ്രവർത്തകർ സംസ്ഥാന വ്യാപകമായി ഇലക്ട്രിസിറ്റി ഓഫീസുകൾക്ക് മുന്നിൽ മാർച്ച് ധർണയും നടത്തി
* തൃശ്ശൂർ സാൻഡോസ് ക്ലബ്ബിന്റെ സജീവ പ്രവർത്തകനായിരുന്നു അഗസ്റ്റിന്റെ സ്മരണയ്ക്കായി അനുസ്മരണ യോഗം സംഘടിപ്പിച്ചു
* തൃശ്ശൂർ ഗവർമെന്റ് മോഡൽ ബോയ്സ് ഹൈസ്കൂൾ പൂർവ്വ വിദ്യാർത്ഥി സംഘടനയായ എപ്പോ സാറ്റിന്റെ നേതൃത്വത്തിൽ വാർഷിക പൊതുയോഗം നടന്നു.

കുടിയിറക്ക് നേരിടുന്ന മുനമ്പം കുടുംബങ്ങൾക്ക് മാർ അദ്ദായ് ശ്ലീഹാ പള്ളി പിന്തുണ പ്രഖ്യാപിച്ചു

തൃശൂർ:അദ്ദാനിച്ചാ പണം കൊടുത്ത് നിയമ പ്രകാരം വാങ്ങിയ വീടും പുരയിടവും കുടിയിറക്ക് നേരിടുന്ന മുനമ്പം കടപ്പുറം ദേശത്തെ കുടുംബങ്ങൾക്ക് മാർ അദ്ദായ് ശ്ലീഹാ പള്ളി, ചർച്ച് സ്ക്വയർ പറവട്ടാനി ഐക്കണോഗ്രഫി പിന്തുണ പ്രഖ്യാപിച്ചു.

ഇക്കാര്യത്തിൽ ശാശ്വത പരിഹാരത്തിന് അടിയന്തിരമായി സംസ്ഥാന സർക്കാർ നടപടി സ്വീകരിക്കണമെന്നും പൊതുയോഗം ആവശ്യപ്പെട്ടു. ഭരണഘടന നൽകുന്ന മാലീകാവശങ്ങൾ സംരക്ഷിക്കുവാൻ ക്രേന്ദ - സംസ്ഥാന സർക്കാരുകൾക്കു ഉത്തരവാദിത്വമുണ്ടെന്ന് പൊതുയോഗം വിലയിരുത്തി.

വികാരി റവ.റുണോ വർഗ്ഗീസ് കശ്ശീശ അദ്ധ്യക്ഷത വഹിച്ചു. പ്രമേയം അവതരിപ്പിച്ചു കൊണ്ട് ആന്റോ ഡി.ഒല്ലൂക്കാരനും, അബി.ജെ.പൊൻമാണിശ്ശേരിയും സംസാരിച്ചു.

വിഖ്യാത മെക്സിക്കൻ WWE താരം റേ മിസ്റ്റീരിയോ സീനിയർ അന്തരിച്ചു

മെക്സിക്കോ സിറ്റി: വിഖ്യാത മെക്സിക്കൻ ഗുസ്തി താരം റേ മിസ്റ്റീരിയോ സീനിയർ അന്തരിച്ചു. 66 വയസ്സായിരുന്നു. മിസ്റ്റീരിയോയുടെ കുടുംബമാണ് മരണവാർത്ത സ്ഥിരീകരിച്ചത്. മിഗ്വൽ എയ്ഞ്ചൽ ലോപസ് ഡയസ് എന്നാണ് യഥാർഥ നാമം. 2009-ൽ ഔദ്യോഗികമായി വിരമിച്ചെങ്കിലും കായികരംഗത്തോടുള്ള സ്നേഹം കാരണം 2023-ലും ഇടിക്കൂട്ടിൽ മത്സരിച്ചിരുന്നു. മെക്സിക്കൻ റെസ്ലിങ് സംഘടനയായ ലൂച്ച ലിബ്രെ എ.എ.എ. മരണത്തിൽ അനുശോചനമറിയിച്ച് എക്സിൽ കുറിപ്പ് പങ്കുവെച്ചു.

1976-ലാണ് റേ മിസ്റ്റീരിയോ ഗുസ്തി കരിയർ ആരംഭിക്കുന്നത്. വളരെപ്പെട്ടെന്നുതന്നെ ഈ മേഖലയിലെ പ്രമുഖ വ്യക്തിത്വമായി. ഇടിക്കൂട്ടിന് പുറത്ത് മെന്ററായും കഴിവുതെളിയിച്ചു. ഇതേ മേഖലയിലെ ശ്രദ്ധേയ താരമായ റേ മിസ്റ്റീരിയോ ജൂനിയറിന്റെ അമ്മാവനാണ് റേ മിസ്റ്റീരിയോ സീനിയർ.

വേൾഡ് റെസ്ലിങ് അസോസിയേഷൻ, ലൂച്ച ലിബ്രെ എ.എ.എ. വേൾഡ്വൈഡ് ചാമ്പ്യൻഷിപ്പുകൾ ഉൾപ്പെടെ നേടിയിട്ടുണ്ട്. 1990-ലെ റെസ്ലിങ് സ്റ്റാർകേഡ് ലോക ചാമ്പ്യൻഷിപ്പ് ഉൾപ്പെടെയുള്ള മത്സരങ്ങളിൽ തന്റെ പ്രതിഭ തെളിയിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു.

നിര്യാതയായി ശാരദ

കൈപ്പമംഗലം: പള്ളിനടക്ക് പടിഞ്ഞാറ് പരേതനായ മാഞ്ചാക്കൽ നാരായണൻ ഭാര്യ ശാരദ (81) അന്തരിച്ചു. മക്കൾ: രാഗി (അധ്യാപിക,ഗവ.ഗേൾസ് ഹയർ സെക്കൻഡറി സ്കൂൾ കൊടുങ്ങല്ലൂർ), രാഗേഷ് (ഖത്തർ), മരുമക്കൾ: ഷെറിൻ (സൈഗ്നസ് ഹോംസ് മതിലകം), വീണ. അന്തരിച്ച പത്രപ്രവർത്തകൻ കെ.ആർ രവീന്ദ്രന്റെ (എക്സ്പ്രസ് രവി) സഹോദരിയാണ്. സംസ്കാരം ഇന്ന് (ശനിയാഴ്ച) വൈകിട്ട് 5 മണിക്ക് വീട്ടുവളപ്പിൽ.

പാലക്കാട് ബൈക്കും ലോറിയും കൂട്ടിയിടിച്ച് രണ്ട് യുവാക്കൾ മരിച്ചു, ബൈക്ക് കത്തിനശിച്ചു

പാലക്കാട്: പുതുപ്പരിയാരത്ത് ബൈക്കും ലോറിയും കൂട്ടിയിടിച്ച് രണ്ട് യുവാക്കൾക്ക് ദാരുണാന്ത്യം. ബൈക്ക് യാത്രക്കാരാണ് മരിച്ചത്. പാലക്കാട് കോഴിക്കോട് ദേശീയപാതയിൽ ഇന്ന് പുലർച്ചെയാണ് അപകടം. അപകടത്തിന് പിന്നാലെ ഇവർ സഞ്ചരിച്ച ബൈക്ക് കത്തിനശിച്ചു.

മലപ്പുറം ഭാഗത്ത് നിന്ന് വന്ന ബൈക്ക് പാലക്കാട് ഭാഗത്ത് നിന്ന് വന്ന ലോറിയുമായി കൂട്ടിയിടിക്കുകയായിരുന്നു. ബൈക്ക് നല്ല വേഗത്തിലാണ് എത്തിയതെന്നും അപകടം നടക്കുമ്പോൾ നല്ല മുടൽമഞ്ഞുമുണ്ടായിരുന്നുവെന്ന് ദൃക്സാക്ഷികൾ പറഞ്ഞു. പാലക്കാട് മക്കരപ്പറമ്പ് സ്വദേശികളാണ് മരിച്ചവർ. റിൻഷാദും സുഹൃത്തുമാണ് മരിച്ചത്.

അപകട വിവരമറിഞ്ഞ് സ്ഥലത്തെത്തിയ പൊലീസ് ഇരുവരെയും ആശുപത്രിയിലെത്തിച്ചെങ്കിലും മരണം സംഭവിച്ചിരുന്നു. മൃതദേഹങ്ങൾ പാലക്കാട് ജില്ലാ ആശുപത്രി മോർച്ചറിയിൽ സൂക്ഷിച്ചിരിക്കുകയാണ്. പോസ്റ്റ് മോർട്ടത്തിനു ശേഷം ബന്ധുക്കൾക്ക് വിട്ടുനൽകും.

ലേലം

തൃശൂർ: വിയ്യൂർ സെൻട്രൽ പ്രിസൺ ആൻഡ് കറക്ഷണൽ ഹോമിൽ സ്ഥിതി ചെയ്യുന്ന പന്നി ഫാമിലെ 12 പന്നികളെ ഡിസംബർ 23 ന് പകൽ 11 ന് ലേലം ചെയ്യുന്നു. ലേലത്തിൽ പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവർ ലേലം ആരംഭിക്കുന്ന സമയത്തിന് ഒരു മണിക്കൂർ മുമ്പ് വിയ്യൂരിലുള്ള സെൻട്രൽ പ്രിസൺ ആൻഡ് കറക്ഷണൽ ഹോമിലെത്തിച്ചേരണം. ഫോൺ : 9020599991

മണ്ഡലപൂജ, മകരവിളക്ക് സ്പോട് ബുക്കിങ് ഒഴിവാക്കാൻ ആലോചന

പത്തനംതിട്ട: മണ്ഡലപൂജ, മകരവിളക്ക് ദിവസങ്ങളിൽ ശബരിമലയിൽ ദർശനത്തിനെത്തുന്ന ഭക്തരുടെ എണ്ണം നിജപ്പെടുത്തും. ഡിസംബർ 25ന് 54,000 പേർക്കും 26 ന് 60,000 പേർക്കുമാണ് ദർശനം സാധ്യമാകുക.

ജനുവരി 12 ന് 60,000, 13ന് 50,000, 14ന് 40,000 എന്നിങ്ങനെയാണ് എണ്ണം നിജപ്പെടുത്തിയിട്ടുള്ളത്. ആ ദിവസങ്ങളിൽ സ്പോട് ബുക്കിങ് ഒഴിവാക്കാനും സാധ്യതായാണ് റിപ്പോർട്ട്.

കഴിഞ്ഞ ദിവസങ്ങളിൽ സന്നിധാനത്ത് വലിയ തിരക്കാണ് അനുഭവപ്പെടുന്നത്. ഇതുകൂടി കണക്കിലെടുത്താണ് ഭക്തരുടെ എണ്ണത്തിൽ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ളത്. കഴിഞ്ഞ നാലുദിവസങ്ങളിലായി 25,000 ത്തോളം പേർ സ്പോട് ബുക്കിങ് നടത്തിയിരുന്നു. വെള്ളിയാഴ്ച 93,000 ലധികം പേർ ദർശനത്തിനെത്തിയിരുന്നു. കോടതിയുടെ അഭിപ്രായം കൂടി പരിഗണിച്ചായിരിക്കും ഇക്കാര്യങ്ങളിൽ തീരുമാനമുണ്ടാകുക.

എളവള്ളി ഗവൺമെൻറ് ഹയർസെക്കൻഡറി സ്കൂളിലെ എൻഎസ്എസ് വിദ്യാർത്ഥികളെ അന്നകര ഗവൺമെൻറ് എൽപി സ്കൂളിൽ സംഘടിപ്പിച്ച സപ്തദിന ക്യാമ്പിൽ പത്ര പുസ്തക വായനയ്ക്കായി മേജർ പി.ജെ. സ്റ്റൈജു പരിശീലിപ്പിക്കുന്നു

വിദ്യാർത്ഥികളിൽ പത്ര പുസ്തക വായനാശീലം നിർബന്ധമാക്കണം

എളവള്ളി : വളർന്നുവരുന്ന വിദ്യാർത്ഥി സമൂഹത്തിൽ പത്ര-പുസ്തക വായന നിർബന്ധമാക്കുന്ന കർമ്മപരിപാടികൾ തയ്യാറാക്കാൻ അധ്യാപകരും രക്ഷിതാക്കളും മുന്നിട്ടിറങ്ങണമെന്ന് 24 കേരള ബറ്റാലിയൻ എൻ.സി. സി ഓഫിസർ മേജർ പി.ജെ സ്റ്റൈജു.

എളവള്ളി ഗവൺമെൻറ് ഹയർ സെക്കൻഡറി സ്കൂളിലെ നാഷണൽ സർവീസ് സ്കീമിന്റെ സപ്തദിന പരിശീലന ക്യാമ്പിലാണ് മേജർ ഈ ആശയം മുന്നോട്ട് വച്ചത്. അന്നകര എൽപി സ്കൂളിൽ നടക്കുന്ന ക്യാമ്പിലെ വിദ്യാർത്ഥികളെയാണ് സംവാദത്തിലൂടെ പത്ര-പുസ്തക വായനക്കായി അദ്ദേഹം തയ്യാറാക്കിയത് ' വിദ്യാർത്ഥികൾ ഇന്ന് വേഗതയുടെയും ദൃശ്യപരമാർന്ന റീൽസുകളുടെയും ലോകത്താണ് അവരെ ശരിയായ ദിശാബോധത്തിലേക്കും ജീവിതഗന്ധിയായവായനയുടെ ലോകത്തിലേക്കുംകൊണ്ടുവരേണ്ടത് നമ്മുടെ കടമയാണെന്നും അദ്ദേഹം ഓർമിപ്പിച്ചു.

സെമിനാറിൽ വിദ്യാർത്ഥികളെ പത്ര പുസ്തക വായനയുടെ പ്രസക്തിയെക്കുറിച്ച് അദ്ദേഹം ഉദാഹരണ സഹിതം ക്ലാസെടുത്തു. സ്കൂൾ പ്രിൻസിപ്പാൾ വിജീ ടി. എ അധ്യക്ഷത വഹിച്ച യോഗത്തിൽ അധ്യാപകരായ ധന്യ എം.എം, അഖിൽ കെ.ആർ, ജയേഷ് എ.ജെ ലിനറ്റ് പി എന്നിവർ ചർച്ചയിൽ പങ്കെടുത്തു.

കോടതി പരസ്യം

ബഹു. തൃശൂർ MACT മുമ്പാകെ

OP (MV) 2798/2016
EP: 251/2024

New India Assurance Co. Ltd., Divisional Office, Thrissur
-Decree Holder
Sulaiman S/o. Vavutty, Cheriyampurath House, Velur P.O., Thrissur-680601
-Judgement Debtor

മേൽ നമ്പറിൽ എതൃകക്ഷിക്കുള്ള (വിധി കടക്കാരൻ) നോട്ടീസ് കോടതിയിലും വാസസ്ഥലത്തും പതിച്ചുനടത്തുവാൻ അനുവദിച്ച് മേൽ നമ്പർ കേസ് 14-01-2025 തിയ്യതിക്ക് വിചാരണക്ക് വെച്ചിരിക്കുന്നു. അന്നേദിവസം രാവിലെ 11 മണിക്ക് താങ്കളോ അഡ്വക്കേറ്റ് മുഖാന്തിരമോ ബഹു. കോടതി മുമ്പാകെ ഹാജരാകേണ്ടതാണ്. അല്ലാത്തപക്ഷം താങ്കളെ കൂടാതെ കേസ് തീർപ്പ് കല്പിക്കുന്നതാണ്.

എന്ന്, 17-12-2024
വിധി ഉടമഭാഗം
അഡ്വക്കേറ്റ്
പോൾ വർഗ്ഗീസ് (ഒപ്പ്)

കോടതി പരസ്യം

ബഹു. തൃശൂർ രണ്ടാം അഡീഷ്ണൽ മുൻസിഫ് കോടതി മുമ്പാകെ

OS: 2386/2022

ന്യൂ മില്ലേനിയം കുറീസ് പ്രൈവറ്റ് ലിമിറ്റഡ്, തൃശൂർ
-അന്യായം

1) പാലക്കാട് ജില്ല ഒറ്റപ്പാലം താലൂക്ക് ചെർപ്പുളശ്ശേരി വില്ലേജ് അനങ്ങനടി ദേശത്ത് തെനക്കാട്ടിൽ മുഹമ്മദ് അലി ഭാര്യ അസീന അലി
2) ടി ജില്ല ടി താലൂക്ക് ടി വില്ലേജ് ടി ദേശത്ത് തെനക്കാട്ടിൽ സാജു ഹാജി മകൻ മുഹമ്മദ് അലി
-1, 2 പ്രതികൾ

മേൽനമ്പ്ര് കേസിലെ 1, 2 പ്രതികൾക്കുള്ള സമൻസ് ടിയാരുടെ വാസസ്ഥലത്തും കോടതിയിലും പതിച്ചുനടത്താൻ കല്പിച്ച് മേൽ നമ്പർ കേസ് 12-03-2025 തിയ്യതിക്ക് വിചാരണക്ക് വെച്ചിട്ടുള്ള വിവ രം ഇതിനാൽ അറിയിച്ചുകെള്ളുന്നു. ടി കാര്യത്തിൽ ആർക്കെങ്കിലും ആക്ഷേപമോ മറ്റോ ഉണ്ടെങ്കിൽ അന്നേദിവസം കാലത്ത് 11 മണിക്ക് ബഹു. കോടതിയിൽ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം മേൽ നമ്പർ കേസ് നിങ്ങളെ കൂടാതെ വിധിയാകുന്നതാണെന്ന് ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

എന്ന്, 20-12-2024
അന്യായഭാഗം അഡ്വക്കേറ്റ്
റോബ്സൺ പോൾ (ഒപ്പ്)

കോടതി പരസ്യം

ബഹു. തൃശൂർ മൂന്നാം അഡീഷ്ണൽ ജില്ലാ കോടതി മുമ്പാകെ

GOP: 263/2024

സിനി അബ്ദുൾ റഹിമാൻ, 46 വയസ്, W/o. Late അബ്ദുൾ റഹിമാൻ, പൊന്നമ്പത്തയിൽ ഹൗസ്, ആറ്റുപുറം (Via), പി ഒ പുന്നയൂർക്കുളം, പിൻ-679561 പുന്നയൂർക്കുളം വില്ലേജ്, ചാവക്കാട് താലൂക്ക്
-ഹരജിക്കാരി

ചാവക്കാട് താലൂക്ക് പുന്നയൂർക്കുളം വില്ലേജ്, ആറ്റുപുറം, (Via), പി ഒ പുന്നയൂർക്കുളം, പിൻ-679561 എന്ന വിലാസത്തിൽ താമസക്കാർ
1) പൊന്നമ്പത്തയിൽ Late അബ്ദുൾ റഹിമാൻ മകൻ 21 വയസ് ബാസിം പി.
2) പൊന്നമ്പത്തയിൽ Late അബ്ദുൾ റഹിമാൻ മകൾ 24 വയസ് ഹിബ അബ്ദുൾ റഹിമാൻ
3) പൊന്നമ്പത്തയിൽ കുഞ്ഞിമോൻ ഭാര്യ 59 വയസ് നഫീസ പി
4) പൊന്നമ്പത്തയിൽ കുഞ്ഞിമോൻ മകൻ 26 വയസ് മുഹമ്മദ് നൗഫൽ
5) പൊന്നമ്പത്തയിൽ കുഞ്ഞിമോൻ മകൾ 33 വയസ് സജിന കുഞ്ഞിമോൻ
-എതൃകക്ഷികൾ

1) മുഹമ്മദ് മിഷാൽ, 15 വയസ്, S/o. Late അബ്ദുൾ റഹിമാൻ,